പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3016 — 23.03.2015 ൽ മറുപടിക്ക്

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജു<br>ശ്രീ.ജി.എസ്.ജയലാൽ | | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട്എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെയും കേന്ദ്ര/ സംസ്ഥാന മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ, അയൽ കൂട്ടതലം മുതൽ ജില്ലാതലം വരെ ചർച്ച ചെയ്ത് രൂപപ്പെടുത്തുന്ന ലേബർ ബഡ്ജറ്റിന്റേയും വാർഷിക കർമ്മ പദ്ധതിയുടെയും അടിസ്ഥാനത്തിലാണ്, സംസ്ഥാനത്ത്, നിലവിൽ, പദ്ധതി നിർവ്വഹണം നടന്നുവരുന്നത്. 100% പ്രവൃത്തികളുടെയും നിർവ്വഹണം ഗ്രാമപഞ്ചായത്തുകളാണ് നിർവ്വഹിച്ച് വരുന്നത്.) |
| (ബി) | തൊഴിൽ സാദ്ധ്യതയുള്ള മേഖലകളെ തൊഴിലുറപ്പ് പദ്ധതിയുടെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളെയാണ് ഇപ്രകാരം ഒഴിവാക്കിയതെന്ന് വെളിപ്പെടുത്തുമോ; | (ബി) | അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതും (non-measurable) പ്രകടമല്ലാത്തതും (non tangible), പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള (repetitive) പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നത് 03.01.2014 ൽ ഭേദഗതി ചെയ്ത മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക I പ്രകാരം നിരോധിച്ചിട്ടുണ്ട്. |
| (സി) | കയർ, ഖാദി, ക്ഷീര വികസനം, പരമ്പരാഗത തൊഴിൽ മേഖല എന്നിവയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിൻമേൽ എന്തു നടപടിയാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | കയർ, ഖാദി, കൈത്തറി, ക്ഷീരവികസനം, എന്നിവയെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അനുകൂല തീരുമാനം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ